# ജമാഅത്തിന്റെ ശിയാ ബാന്ധവം

അമേരിക്കയും
അതിന്റെ സഖ്യകക്ഷികളും ഉയർത്തിവിടുന്ന
രാഷ്ട്ര രാഷ്ട്രാന്തരീയ പ്രശ്നങ്ങളിൽ ജമാഅത്തെ
ഇസ്‌ലാമിക്ക് ആരുടെ നിലപാടുകളേയും പിന്തുണക്കാം.
അതവരുടെ കാര്യം. അങ്കിൾ സാമിന്റെ സാമ്രാജ്യത്വ സമീപനങ്ങ
ളേയും, എല്ലാം വെട്ടിപ്പിടിക്കാനുള്ള ത്വരയേയും പേടിപ്പിച്ച് നിർത്താൻ
ഇറാനിനു മാത്രമേ സാധിക്കുന്നുള്ളൂ എന്നതിന്റെ പേരിലാണ് ജമാഅത്തെ
ഇസ്‌ലാമിക്ക് ശിയാക്കളോട് പ്രിയമെങ്കിൽ അവർക്കതാകാവുന്നതാണ്. പക്ഷെ,
ഇസ്‌ലാമിന്റെ അടിസ്ഥാനവിശ്വസങ്ങൾക്ക് ബദൽ പണിത, വിശുദ്ധ
ഖുർആനിന്റെ ആധികാരികതയിൽ സംശയിക്കുന്ന, വിശുദ്ധരായ
സ്വഹാബത്തിനെ മതഭ്രഷ്ടരായി കാണുന്ന, അവരെ നാഴികക്കു
നാൽപതോ അതിലധികമോ വട്ടം ശപിക്കുന്ന, അഹ്‌ലുസ്സുന്നത്തി
വൽ ജമാഅത്തിനെ നിഷേധികളും നികൃഷ്ടരുമായി
കണക്കാക്കുന്ന ശിയാക്കളെ വെറുക്കാൻ, അവരെ
വിമർശിക്കാൻ അല്ലാഹുവിനോടും അവന്റെ റസൂലിനോടും
സ്നേഹമുള്ള, ഇസ്‌ലാമിനോട് പ്രതിബദ്ധതയുള്ള ഇസ്‌ലാഹീ പ്രവർത്തകരെ
അവർ സമ്മതിക്കണം. അവരുടെ സമ്മതത്തോടെ മാത്രമേ മുജാഹിദുകൾ അങ്ങനെ ചെയ്യൂ
എന്നതു കൊണ്ടല്ല, ഇക്കാര്യത്തിൽ മൗദൂദികളുടെ ഭാഗത്തുനിന്നും മര്യാദയുണ്ടാകണം
എന്നാണ് അർഥമാക്കുന്നത്.

കബീർ എം. പറളി

ദുനിയാവിൽ ഫലിക്കാതെ പോയ പ്രസംഗങ്ങൾ ഒരുപാടുണ്ട്. ഫലിക്കുന്നില്ലെന്ന് ബോധ്യപ്പെട്ടിട്ട് പ്രസംഗം നിർത്തിയവരും ഫലം കണ്ടിട്ട് അത് തുടരുന്നവരുമുണ്ട്. എന്നാൽ പത്തമ്പത് വർഷക്കാലം നിർത്താതെ പ്രസംഗിച്ചിട്ട് സാങ്കൽപിക വീട് പൊളിച്ച്മാററി ഒരു ഓട്ടുപുരയെങ്കിലും കെട്ടണം എന്ന ഫലം കാണാത്ത, എന്നിട്ടും പ്രസംഗം അവസാനിപ്പിച്ചിട്ടില്ലാത്ത ഒരു വിഭാഗമുണ്ട് ഈ ദുനിയാവിൽ: ജമാഅത്തെ ഇസ്ലാമിക്കാർ. ഫലിക്കാതെ പോയ ഇറാൻ വിരുദ്ധ പ്രസംഗങ്ങൾ എന്ന ഒരു ലേഖനം മേയ് 29, 2006 ലെ പ്രബോധനത്തിൽ നിന്ന് വായിച്ചപ്പോഴാണ് ഇപ്രകാരം എഴുതാൻ പ്രേരിപ്പിച്ചത്.

ചോദ്യം: എന്താണ് ആ ലേഖനത്തിലെ ഉള്ളടക്കം?

2006 ലുണ്ടായിരുന്ന കേരളത്തിലെ പ്രത്യേക രാഷ്ട്രീയ കാലാവസ്ഥയെ മുന്നിൽവെച്ച് വിരചിതമായ ഒന്നാണ് പ്രസ്തുത ലേഖനം. ജമാഅത്തെ ഇസ്ലാമിയുടെ ഇടതുപക്ഷച്ചായ്‌വും രാഷ്ട്രീയക്കളിയും അരങ്ങുതകർത്ത അവസരമായിരുന്നു അത്. ഇസ്ലാഹീ പ്രസ്ഥാനത്തെയും അതിന്റെ പണ്ഡിതരേയും വിമർശിക്കുക എന്നതായിരുന്നു ലേഖനത്തിന്റെ കാമ്പ്.

ലേഖനം തുടങ്ങുന്നത് ഇങ്ങനെയാണ്: ''കേരളത്തിൽ ശീഈകളുള്ളതായി ഇന്നോളം ശ്രദ്ധയിൽപെട്ടിട്ടില്ല. പ്രവാചകനു ശേഷം അബൂബക്കർ സിദ്ധീഖല്ല, അലിയാണ് ഖലീഫ ആവേണ്ടിയിരുന്നത് എന്ന് വിശ്വസിക്കുന്ന ഒരാളേയും കേരളത്തിലെവിടേയും കണ്ടിട്ടില്ല. ആദ്യത്തെ മൂന്ന് ഖലീഫമാരും പിഴച്ചവരാണെന്നും അവർ അധികാരത്തിൽ വന്നത് തെറ്റാണെന്നും വാദിക്കുന്നവരും നമ്മുടെ നാട്ടിലില്ല. എന്നല്ല, ശീഈകളുടെ മൗലികമായ പിഴച്ചധാരണകളെ പിന്തുണക്കുന്ന ആരും നമ്മുടെ സംസ്ഥാനത്തില്ലെന്നാണറിവ്. എന്നിട്ടും എന്തുകൊണ്ട് ശീഇസം ചില മതസംഘടനകളുടെ പ്രസംഗവേദികളിലെയും പ്രസിദ്ധീകരണങ്ങളിലേയും മുഖ്യവിഷയമാകുന്നു? ഇന്ത്യാ ഗവൺമെന്റിന്റെ പല അജണ്ടകളും പോലെ ഇവിടത്തെ മതസംഘടനകളുടെയും അജണ്ടയും രൂപംകൊള്ളുന്നത് അമേരിക്കയുടെ അരമനയിലാണൊ?'' (പ്രബോധനം, പേ. 28, മെയ് 29, 2006)

ഒരു ലേഖനത്തിന്റെ തുടക്കം തന്നെ നുണകൊണ്ടായാൽ പിന്നെ അതിന്റെ ബാക്കി ഭാഗങ്ങളുടെ കഥയെന്താകും? കേരളത്തിൽ ശീഈകളുണ്ടെന്നും ഓരോ മുഹററമാസത്തിലും അവർ കർബലാ ദിനം ഗംഭീരമായി ആഘോഷിക്കാറുണ്ടെന്നും ഫോട്ടോ സഹിതം പത്രങ്ങളിൽ വരുന്നതാണ്. കേരളത്തിൽ ശീയാക്കൾ ആരുമില്ലെന്നു വാദത്തിനുവേണ്ടി സമ്മതിച്ചാൽ പോലും ശീഇസത്തിന്റെ വിശ്വാസപരവും കർമ്മപരവുമായ തെറ്റുകളെ ഇസ്ലാമിന്റെ ആധികാരിക ചുറ്റുപാടിൽ നിന്ന് കൊണ്ട് വിമർശിക്കാൻ ഒരു മുസ്ലിമിന്, ഒരു ഇസ്ലാമിക സംഘത്തിന് പാടില്ലെന്നുണ്ടോ? ശീഈ പരിസരത്ത്നിന്നും കടംകൊണ്ട ഖബറാരാധനയും, അനുബന്ധ ബിദ്അത്തുകളും ഒരു ഭാഗത്തും, ഇറാനാണ് റിയൽ ഇസ്ലാമിക് റിപ്പബ്ലിക്ക്, ഖുമൈനിയാണ് ഏക ഇസ്ലാമിക വിപ്ലവകാരി എന്ന നിലയിലുള്ള ജമാഅത്തെ ഇസ്ലാമിയെപ്പോലുള്ള സംഘടനകളുടെ പ്രൊപഗണ്ടകൾ വേറൊരു ഭാഗത്തും വിശ്വാസികളെ വ്യതിചലിപ്പിച്ച് നിലകൊള്ളുമ്പോൾ പ്രത്യേകിച്ചും?

ചോദ്യം: കേരളത്തിൽ ശീഇകളുണ്ടെന്നതിന് എന്ത് രേഖയാണ് സമർപ്പിക്കാനുള്ളത്?

ഉത്തരം: ഒരു കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. കേരളത്തിൽ 24 കാരറ്റ് ശീഇകൾ സമൃദ്ധമായി അധിവസിക്കുന്നുണ്ട് എന്നതിനാലല്ല മുജാഹിദുകൾ ശീഈ വിമർശനം തങ്ങളുടെ പ്രസംഗങ്ങളിലും രചനകളിലും ഉൾപ്പെടുത്തുന്നത്. മറിച്ച് ശീഈ ആദർശത്തിലെ ഖബറാരാധനയും, വ്യക്തിപൂജയും, അല്ലാഹു അല്ലാത്തവരോടുള്ള പ്രാർഥനയും, നേർച്ചപ്പൂരങ്ങളും കേരളീയ മുസ്ലീം സമൂഹത്തിൽ വ്യാപകമായി നിറഞ്ഞു നിൽക്കുന്നത് കൊണ്ടാണ്. വിശുദ്ധ ഇസ്ലാമിന്റെ തൗഹീദീ ആദർശം വസ്തുനിഷ്ഠമായി മുസ്ലിം സഹോദരങ്ങളെ പഠിപ്പിക്കേണ്ടിവരുമ്പോൾ ഇത്തരം പ്രവണതകളെ വിമർശിക്കേണ്ടിവരും. ഒപ്പം അത്തരം പ്രവണതകളുടെ ഉറവിടവും വിമർശിക്കപ്പെടുക സ്വാഭാവികമാണ്. കേരളത്തിലെ ഭൂരിഭാഗം വരുന്ന മുസ്ലിം ഉമ്മത്തിന്റെ വിശ്വാസത്തിലും ആരാധനകളിലും ശിയായിസത്തിന്റെ സാരമായ സ്വാധീനം കണ്ണുള്ളവർക്കൊക്കെ കാണാവുന്നതാണ്. ആ യാഥർഥ്യത്തെ മുന്നിൽ വെച്ചാണ് മുജാഹിദുകൾ ശീഈ വിമർശനം നടത്താറുള്ളത്.

കേരളത്തിൽ ശിയാക്കളുടെ സാന്നിധ്യമുണ്ടോ? ഉണ്ടെന്നതാണ് സത്യം. താഴെ കാണുന്ന പത്രറിപ്പോർട്ട് വായിക്കുക:

### മുഹറം പത്തിന് ശിയാക്കൾ വേദനയിലലിഞ്ഞു



''പയ്യോളി: യാഹസ്സൻ, ഹുസൈൻ വിളികളാൽ മുഖരിതമായ അന്തരീക്ഷം. ചോരയൊലിപ്പിച്ച ശരീരവുമായി ഒരുകൂട്ടം യുവാക്കൾ കൈകൾ മേൽപോട്ട് ഉയർത്തി മെല്ലെമെല്ലെ ചുവടുകൾ വെക്കുന്നു. അതോടൊപ്പം സ്ത്രീകളും കുട്ടികളുമെല്ലാം തങ്ങളുടെ തീവ്രദുഃഖം പങ്കുവെക്കുന്നു.

ഈ വികാരപ്രകടനങ്ങൾ ഭയഭക്തിബഹുമാനങ്ങളോടെ നോക്കിനിൽക്കുന്ന നാട്ടുകാർ. ബീച്ച് റോഡിൽ റെയിൽവേ ഗേറ്റിനു സമീപം ഞായറാഴ്ച ഉച്ചക്കുള്ള കാഴ്ചയാണിത്. മുഹററം പത്തിന്റെ വേദനയിൽ പയ്യോളിയിലെ ഷിയാ കുടുംബം ഒന്നടങ്കം അലിഞ്ഞു ചേരുകയാണ്

ഇവിടെ.

യസീദ് കർബല പിടിച്ചടക്കിയ ശേഷം പ്രവാചകന്റെ പേരമക്കളായ ഹസ്സനും ഹുസൈനും രക്തസാക്ഷികളാകേണ്ടി വന്നതിന്റെ ഓർമ്മ പുതുക്കുകയായിരുന്നു ഷിയാക്കൾ. കർബലയിൽ അവർ അനുഭവിച്ച വേദനതങ്ങളിലേക്കും പകരുക എന്നതാണ്, കാണുന്ന ആരുടേയും മനസ്സ് നൊമ്പരപ്പെടുത്തുന്ന ഈ വികാരപ്രകടനങ്ങളിലേക്ക് ഷിയാക്കളെ നയിക്കുന്നത്.

നട്ടുച്ചക്കാണ് ഒരു മണിക്കൂറോളം നേരം നീളുന്ന നെഞ്ചത്ത് അടിയും ഒടുവിൽ നിലവിളിയും. ഇതിനിടയിൽ നെഞ്ചത്ത് നിന്നും ചോര വാർന്നൊലിക്കുമ്പോൾ അന്തരീക്ഷമാകെ രക്തഗന്ധമാവും. കാണാനെത്തുന്നവരുടെ ദേഹത്തേക്കും രക്തം തെറിക്കും.

മുപ്പതു വർഷം മുമ്പ് ചങ്ങനാശ്ശേരിയിൽ നിന്നെത്തിയ ഫസ്‌ലു അലിയാണ് ഇപ്പോൾ 35 പേരടങ്ങുന്ന കൂട്ടുകുടുംബത്തിന്റെ നാഥൻ. ഇദ്ദേഹം കഴിഞ്ഞവർഷം ഏപ്രിൽ മാസത്തിൽ മരിച്ചു. ഇദ്ദേഹത്തിന്റെ മുൻതലമുറ ഇറാനിൽ നിന്ന് കുടിയേറിയവരായിരുന്നു.'' (മാതൃഭൂമി)

അപ്പോൾ സത്യമിതാണ്. ജമാഅത്തുകാർക്കും അറിയാവുന്ന ഈ സത്യത്തിനു നേർക്ക് കണ്ണടച്ചു കൊണ്ടാണ് പ്രബോധനം ലേഖകൻ കേരളത്തിൽ ശിയാക്കളില്ല എന്ന് എഴുതി വിടുന്നത്.

ചോദ്യം: അങ്ങനെയാണെങ്കിൽ ശിയാക്കളെ വിമർശിക്കുന്നതിൽ, അവരുടെ വിശ്വാസാചാരങ്ങളോട് കൂടുതൽ ഒട്ടിനിൽക്കുന്ന കേരളത്തിലെ യാഥാസ്ഥിതിക വിഭാഗമല്ലെ മുജാഹിദുകളെ നിശിതമായി എതിർക്കണ്ടതും, ശീഈകൾക്കനുകൂലമായി നിലപാടെടുക്കേണ്ടതും? ഇക്കാര്യത്തിൽ ജമാഅത്തിന് മുജാഹിദുകളോടെന്തിനാണ് ശത്രുത?

ഉത്തരം: ആദർശബന്ധം കൊണ്ടു തന്നെയാകണം ജമാഅത്തുകാർ ശീഈ വിമർശത്തിന്റെ പേരിൽ മുജാഹിദുകളെ എതിർക്കുന്നത്. പ്രസ്തുത ലേഖനത്തിൽ, എന്തു കൊണ്ട് ശീഇസം ചില മതസംഘടനകളുടെ പ്രസംഗവേദികളിലെയും പ്രസിദ്ധീകരണങ്ങളിലേയും മുഖ്യവിഷയമാകുന്നു? എന്ന് ലേഖകൻ ചോദിക്കുന്നുണ്ട്. ചോദിച്ചത് ജമാഅത്തുകാരനാണെങ്കിലും ചോദ്യം പ്രസക്തമാണ്. പക്ഷെ, ചോദ്യത്തിൽ നിർത്തുകയോ, ഉത്തരത്തിന് കാത്ത്നിൽക്കുകയൊ ചെയ്യേണ്ട അദ്ദേഹം 'ഇവിടത്തെ മതസംഘടനകളുടെയും അജണ്ട രൂപംകൊള്ളുന്നത് അമേരിക്കയുടെ അരമനയിലാണൊ?' എന്ന് വീണ്ടും ചോദിക്കുകയാണ് ചെയ്യുന്നത്. മാന്യമായി പറഞ്ഞാൽ ലേഖകന്റെ ഭാഗത്തു നിന്നുണ്ടായ പ്രതിപക്ഷമര്യാദയില്ലായ്മയാണത്. ലേഖകന്റെ വരികൾ വായിച്ചാൽ തോന്നുക, ഈയടുത്ത കാലത്ത് കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടി വിരിച്ചുവെച്ച ചുവപ്പ് പരവതാനിയിലിരുന്ന് ഹൽഖാ അമീറിന്റെ സാമ്രാജ്യത്വവിരുദ്ധ പ്രസ്താവന വന്നതിനും ശേഷമാണ്, ഇസ്‌ലാഹീ പ്രസ്ഥാനം ശീഇസത്തിനെതിനെതിരെ പ്രസംഗം തുടങ്ങിയത് എന്നാണ്! ശീഇസത്തിലെ ഇസ്‌ലാമിക വിരുദ്ധ വിശ്വാസങ്ങളേയും കർമ്മങ്ങളേയും പാഠങ്ങളേയും എതിർക്കുക എന്നത് ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ പ്രബോധന മേഖലയിലെ എന്നത്തേയും വിഷയമാണ് എന്ന് ലേഖകന് അറിയാതെപോകാൻ തരമില്ല. അദ്ദേഹം ജനിച്ചതും വളർന്നതും ജീവിക്കുന്നതും കേരളത്തിലായിരിക്കുമല്ലൊ? അമേരിക്കയുടെ അരമന നിർദ്ദേശത്തിനനുസരിച്ചല്ല, വിശുദ്ധ ഖുർആനിന്റേയും, തിരുസുന്നത്തിന്റേയും, അറിയപ്പെട്ട ചരിത്രവസ്തുതകളുടേയും അടിസ്ഥാനത്തിലാണ് മുജാഹിദുകൾ ശീഇസത്തേയും അതിന്റെ ആളുകളേയും വിമർശിക്കുന്നത്. ഇത് ആർക്കാണ് അറിഞ്ഞു കൂടാത്തത്?

ചോദ്യം: ശീഇസത്തിലെ ഏതേത് വശങ്ങളേയാണ് പ്രധാനമായും മുജാഹിദുകൾ വിമർശിക്കുന്നത്?

ഉത്തരം: ജൂത സന്താനമാണ് ശീഇസം, ഖബ്റാരാധന അവരുടേതാണ്, അല്ലാഹുവിന്റ ദൃഷ്ടാന്തം (ആയത്തുല്ലാഹ്), അല്ലാഹുവിന്റെ ആത്മാവ് (റൂഹുല്ലാഹ്) എന്ന പേരുകളിലാണ് ശീഈ നേതാക്കളുടെ പ്രസിദ്ധി. മുത്അ എന്ന വ്യഭിചാരം ഹലാലായി കാണുന്നവരാണ് അവർ, ഇശ്നാ അശരി എന്ന ഇമാമീ മതമാണ് അവരുടേത്, സ്വഹാബത്തിനെ മുഴുവൻ കാഫിറാക്കി പ്രഖ്യാപിച്ചവരാണ് ശീഇകൾ തുടങ്ങിയ ഒട്ടേറെ കാര്യങ്ങൾ ശീഇകളെ വിമർശിക്കുമ്പോൾ മുജാഹിദുകൾ ഗൗരവപൂർവം എടുത്തുദ്ധരിക്കാറുണ്ട്. ജമാഅത്തെ ഇസ്‌ലാമിക്കും പ്രസ്തുത കാര്യങ്ങളിൽ അനുകൂലനിലപാടില്ലെന്നാണ് ഈ ലേഖകന്റെ വിശ്വാസം. അപ്പോൾ ശിയാക്കളെ വിമർശിച്ചാൽ പ്രബോധനത്തിന്റെ താളുകളിലെന്തിനാണ് മുജാഹിദുകൾക്കെതിരിൽ മഷിപുരളുന്നത്? ജമാഅത്തിന്റെ അജണ്ടകളെങ്ങാനും ഇറാനിന്റെ കുശിനിയിലാണൊ പാകംചെയ്യപ്പെടുന്നത്?!

> ''നാം വിശ്വസിക്കുന്ന പന്ത്രണ്ട് ഇമാമുകളിൽ ഏതെങ്കിലും ഒരാളുടെ ഇമാമത്തിനെ നിഷേധിക്കുകയൊ, അദ്ദേഹത്തെ നിർബന്ധമായും അനുസരിക്കണം എന്ന ദൈവവിധിയെ തള്ളിക്കളയുകയൊ ചെയ്യുന്നവൻ കാഫിറും വഴിപിഴച്ചവനും, നരകത്തിൽ ശാശ്വതമായി കഴിയുന്നവനും ആണ്. ഇത് ഇമാമിയ്യ വിശ്വാസക്കാരായ പണ്ഡിതന്മാർ ഏകകണ്ഠമായി അംഗീകരിച്ചിട്ടുണ്ട്.''
>
> (മുഹമ്മദ് അൽ അക്ബരിയുടെ അൽ മസാഇൽ, പേ. 85)

ചോദ്യം: ഇക്കാര്യം ഒന്നുകൂടി വിശദീകരിക്കാമൊ?

ഉത്തരം: ശീഇസം അബ്ദുല്ലാഹ് ബ്ൻ സബഅ് എന്ന ജൂതന്റെ ചിന്താസന്താനമാണ്. ഇസ്‌ലാമിന്റെ വിശ്വാസങ്ങളേയും കർമ്മങ്ങളേയും രീഷ്ട്രീയ ലക്ഷ്യത്തിനു വേണ്ടി തിരുത്തിയെഴുതിയ വർഗമാണവർ. അഹ്‌ലുബൈത്തിനെ അംഗീകരിക്കുന്നവരും ആദരിക്കുന്നവരുമാണ് എന്ന വ്യാജേന സ്വഹാബത്തിനെ മുഴുവൻ

മതഭ്രഷ്ടരായി കാണുന്നവരുമാണ് ശീഇകൾ. ഇസ്‌ലാമിക പാരമ്പര്യത്തെപ്പറ്റിയല്ല, തങ്ങൾ ഇസ്നാ അശരികളാണ് എന്ന അഭിമാനത്തെപ്പറ്റിയാണ് അവരധികവും പറയുകയും എഴുതുകയും ചെയ്യുക. ഇമാമിയ്യത്ത് അഥവാ അലി(റ) മുതൽ ഇനിയും ലോകത്ത് പ്രത്യക്ഷപ്പെട്ടിട്ടില്ലാത്ത മുഹമ്മദ് അൽ അസ്കരിവരെയുള്ള പന്ത്രണ്ട് ഇമാമുമാരിലുള്ള വിശ്വാസം അംഗീകരിക്കാത്ത സകലരേയും കാഫിറുകളായി കാണുന്ന ശിയാക്കൾ അഹ്‌ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ ആളുകളെ അഹ്‌ലു ബൈത്തിന്റെ ശത്രുക്കൾ എന്ന അർഥത്തിൽ 'നാസ്വിബുകൾ' എന്നാണ് വിളിക്കുന്നത്.

വിശുദ്ധ ഖുർആനിന്റെ സമ്പൂർണ്ണതയെ അംഗീകരിക്കുന്നില്ലെന്ന് മാത്രമല്ല, ഫാത്വിമീ മുസ്ഹഫ് എന്ന പേരിൽ മറ്റൊരു ഖുർആനിൽ വിശ്വസിക്കുന്നവരുമാണ് ശിയാക്കൾ. ഖിലാഫത്ത്, ഖുർആൻ ക്രോഡീകരണം തുടങ്ങിയ കാര്യങ്ങളിൽ വഞ്ചന കാണിച്ചവരാണ് അബൂബക്കറും(റ), ഉമറും(റ), ഉസ്മാനും(റ) എന്ന് ധാർഷ്ട്യത്തോടെ രേഖപ്പെടുത്തിയ ഗ്രന്ഥങ്ങൾ ശിയാലോകത്ത് സുലഭമാണ്. സംശയമുള്ളവർ ഖുമ്മിയുടേയും, കൂഷിയുടേയും, കുലൈനിയുടേയും, ഖുമൈനിയുടേയും ഗ്രന്ഥങ്ങൾ വായിച്ചു നോക്കട്ടെ.

ഖബർപൂജയെ മതമായിക്കാണുന്ന, കഅ്ബയേക്കാൾ കർബലക്ക് മഹത്വം നൽകുന്ന ഇവർ, ഇസ്‌ലാം വിരോധിച്ച മുത്അ എന്ന പച്ചയായ വ്യഭിചാരത്തെ മതത്തിന്റെ അടിസ്ഥാനകാര്യമായി പഠിപ്പിക്കുന്നവരാണ്. മേൽകൊടുത്ത കാര്യങ്ങളെ നിഷേധിക്കാൻ ഒരൊറ്റ ജമാഅത്തുകാരനും സാധ്യമല്ല.

ചോദ്യം: ശിയാക്കളുടെ ലോകത്ത് കാണുന്ന വളരെ ഗുരുതരമായ കാര്യങ്ങളാണ് ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളത്. ഓരോന്നും രേഖകൾ കൊണ്ട് സ്ഥാപിക്കാൻ താങ്കൾക്കാകുമൊ?

ഉത്തരം: പേജുകൾ വേണ്ടിവരുമതിന്. ഓരോ ഉദാഹരണങ്ങൾ പറഞ്ഞു പോകാം.

### ഒന്ന്: അബ്ദുല്ലാഹിബ്നു സബഇ്

ശിയായിസത്തിന്റെ ഉപജ്ഞാതാവായ അബ്ദുല്ലാഹിബ്നു സബഇനെപ്പറ്റി നാലാം നൂറ്റാണ്ടിലെ തലയെടുപ്പുള്ള ശിയാ പണ്ഡിതൻ അബൂ അംറ് മുഹമ്മദ് അൽ കുഷി തന്റെ രിജാലുൽ കുഷി എന്ന ഗ്രന്ഥത്തിലെഴുതുന്നു:

''അബ്ദുല്ലാഹിബ്നു സബഇ് ജൂതനായിരുന്നുവെന്നും അയാൾ പിന്നീട് ഇസ്‌ലാമാശ്ലേഷിക്കുകയുണ്ടായെന്നും ചില പണ്ഡിതന്മാർ പ്രസ്താവിച്ചിട്ടുണ്ട്. തന്റെ ജൂത വിശ്വാസ കാലത്ത്, മൂസ നബി(അ)യുടെ വസ്വിയ്യായിരുന്ന യൂശഅ് ബ്നു നൂൻ അല്ലാഹുവിലേക്ക് ഉയർത്തപ്പെട്ടിരിക്കുന്നു എന്ന് വാദിച്ചിരുന്നവനാണ് അബ്ദു ല്ലാഹിബ്നു സബഇ്. പ്രവാചക വിയോഗാനന്തരം അലിയുടെ കാര്യവും ഇതേവിധമാണെന്ന് മുസ്‌ലിമായ അബ്ദുല്ലാഹിബ്നു സബഇ് വാദിച്ചു. അലി(റ)യുടെ ഇമാമത്തിൽ വിശ്വസിക്കുക എന്നത് നിർബന്ധമാണെന്ന തത്വം ആദ്യമായി അവതരിപ്പിച്ചത് അബ്ദുല്ലാ ഹിബ്നു സബഇ് ആണ്. ആ വിഷയത്തിൽ തന്നെയെതിർക്കുന്ന ആരേയും ശത്രുക്കളായിക്കണ്ട് അവരുമായുള്ള ബന്ധം വിച്ഛേദിക്കുകയും, അവരെ കാഫിറുകളായി പ്രഖ്യാപിക്കുകയും ചെയ്തു. ശിയാക്കളും അവരിലെ റാഫിദികളും ജൂതസൃഷ്ടിയാണെന്ന പ്രതിയോഗികളുടെ വാദം ഇതിന്റെ അടിസ്ഥാനത്തിലുള്ളതാണ്.'' (പേ. 101)

> ''അവർ (അഹ്‌ലുസ്സുന്നത്തി വൽ ജമാഅത്ത്) നിഷേധികളും നജസുകളുമാണെന്ന് ശീഅത്തുൽ ഇമാമിയ്യയുടെ പണ്ഡിതന്മാർ ഏകോപിച്ച് പ്രഖ്യാപിച്ചിട്ടുണ്ട്. അവർ ജൂതക്രൈസ്തവരേക്കാൾ നികൃഷ്ടരാണ്.''
>
> (അൽ അൻവാറുന്നുഅ്മാനിയ്യ 2/206, 207)

### രണ്ട്: ഇസ്നാ അശരിയ്യ അഥവാ ഇമാമിയ്യ വിശ്വാസം

ശിയാക്കളുടെ ആദർശത്തിന്റെ അടിത്തറയാണ് ഇമാമിയ്യ വിശ്വാസം. ഇതില്ലാത്തവരാരും മുസ്‌ലിം വൃത്തത്തിലുൾപ്പെടില്ലെന്നാണ് അവരുടെ മതം. ഖുമൈനി പറയുന്നത് ശ്രദ്ധിക്കുക:

''സ്തുത്യർഹമായ സ്ഥാനം, ഉന്നതമായ പദവി, പ്രാപഞ്ചിക ഖിലാഫത്ത് തുടങ്ങിയവ ഇമാമിന്നുള്ളതാണ്. ഈ പ്രപഞ്ചത്തിന്റെ ഓരോ അണുവും അവരുടെ ഖിലാഫത്തിന്റെ ആധിപത്യത്തിന് കീഴൊതുങ്ങുന്നുണ്ട്. ഒരൊറ്റ മലക്കിനും നബിക്കും മുർസലിനും പ്രാപിക്കാനാകാത്ത പദവി നമ്മുടെ ഇമാമുകൾക്കാണുള്ളത്. ഇത് നമ്മുടെ മദ്ഹബിന്റെ കണിശമായ വിശ്വാസമാണ്.'' (അലഹുകൂമാത്തുൽ ഇസ്‌ലാമിയ്യ, പേ. 52)

ശീഈ പണ്ഡിതനായ മുഹമ്മദ് അൽ അക്ബരിയുടെ അൽ മസാഇലിൽ നിന്ന് വായിക്കുക:

''നാം വിശ്വസിക്കുന്ന പന്ത്രണ്ട് ഇമാമുകളിൽ ഏതെങ്കിലും ഒരാളുടെ ഇമാമത്തിനെ നിഷേധിക്കുകയൊ, അദ്ദേഹത്തെ നിർബന്ധമായും അനുസരിക്കണം എന്ന ദൈവവിധിയെ തള്ളക്കളയുകയൊ ചെയ്യുന്നവൻ കാഫിറും വഴിപിഴച്ചവനും, നരകത്തിൽ ശാശ്വതമായി കഴിയുന്നവനും ആണ്. ഇത് ഇമാമിയ്യ വിശ്വാസക്കാരായ പണ്ഡിതന്മാർ ഏകകണ്ഠമായി അംഗീകരിച്ചിട്ടുണ്ട്.'' (മുഹമ്മദ് അൽ അക്ബരിയുടെ അൽ മസാഇൽ, പേ. 85)

### മൂന്ന്: സ്വഹാബികൾ മതഭ്രഷ്ടർ

സ്വഹാബത്തിലെ ഭൂരിഭാഗത്തേയും മതഭ്രഷ്ടരായി കാണുന്നവരാണ് ശിയാക്കൾ. ശിയാ പാതിരിയായ കുലൈനി എഴുതുന്നു:

''ഇമാം ബാഖിർ പറഞ്ഞിട്ടുണ്ട്; പ്രവാചക വിയോഗത്തിനു ശേഷം മിഖ്ദാദ് ബ്നുൽ അസ്വദ്, അബൂദർറുൽ ഗഫാരി, സൽമാനുൽ ഫാരിസി എന്നീ മൂന്നു പേരൊഴികെ ബാക്കി എല്ലാവരും മുർത്തദ്ദുകൾ (ഇസ്‌ലാമിൽ നിന്ന് പുറത്ത്പോയവർ) ആയിത്തീർന്നിട്ടുണ്ട്.'' (കിതാബുൽ കാഫി, കുലൈനി, 8/246)

### നാല്: അബൂബക്കറും(റ) ഉമറും(റ), ഖിലാഫത്തും

ഖിലാഫത്തിന്റെ കാര്യത്തിൽ അലി(റ)യോട് വഞ്ചന കാണിച്ചവരാണ് അബൂബക്കറും(റ) ഉമറും(റ) എന്ന അഭിപ്രായമാണ് ശിയാക്കൾക്ക്. ജമാഅത്തെ ഇസ്‌ലാമി, ഇസ്‌ലാമിക വിപ്ലവകാരി എന്ന് ആവേശപൂർവം അനുസ്മരിക്കുന്ന ഖുമൈനിയുടെ കശ്ഫുൽ അസ്റാറിൽ നിന്ന് വായിക്കുക:

''അന്ന് മുസ്‌ലിംകൾക്കിടയിൽ രണ്ടിൽ ഒരു കാര്യം തെരഞ്ഞെടുക്കേണ്ടതുണ്ടായിരുന്നു. ഒന്നുകിൽ അവർ രണ്ടു പേരുടേയും (അബൂബക്കറിന്റേയും ഉമറിന്റേയും) സംഘത്തിലണിനിരന്ന് ഭരണാധികാരം കൈക്കലാക്കാനുള്ള അവരുടെ താത്പര്യത്തിൽ പങ്ക്ചേരുകയും അതിന്റെ സാക്ഷാത്കാരത്തിനു വേണ്ടി സഹായികളായി നിലകൊള്ളുകയും ചെയ്യുക. അല്ലെങ്കിൽ അവരിരുവരുടേയും സംഘത്തിൽനിന്ന് പുറത്തു കടന്ന് അവരോടൊപ്പം നിലകൊള്ളാതിരിക്കുക... പക്ഷെ അവർ (സ്വഹാബികൾ) മുനാഫിഖുകളും ചട്ടമ്പികളും അക്രമകാരികളുമായ ഈ രണ്ട് പേർക്കുമെതിരെ ശബ്ദിക്കാൻ ധൈര്യം കാട്ടുകയുണ്ടായില്ല.'' (കശ്ഫുൽ അസ്റാർ, പേ. 138)

### അഞ്ച്: വിശുദ്ധ ഖുർആൻ

വിശുദ്ധ ഖുർആനിന്റെ പ്രാമാണികതയെ സംശയത്തോടെ വീക്ഷിക്കുകയും അത് പച്ചയായി പ്രഖ്യാപിക്കുകയും ചെയ്തവർ ഖുമൈനീ പ്രഭൃതികളാണ്. ശിയാക്കൾ ആധികാരിക പ്രമാണമായി അംഗീകരിക്കുന്ന അൽ കാഫിയിൽ നിന്ന് വായിക്കുക. മുസ്‌ലിംകൾക്കിടയിൽ സ്വഹീഹുൽ ബുഖാരിക്കുള്ള സ്ഥാനമാണ്, ശിയാക്കൾക്കിടയിൽ കുലൈനിയുടെ അൽ കാഫിക്കുള്ളത്. അതിൽ നിന്നും ഒരു ഹദീസ് കാണുക:

''ജാബിർ ജഅ്ഫിയിൽ നിന്നും ഉദ്ധരിക്കുന്നത്. അബൂ ജഅ്ഫർ(അ) പറയുന്നത് ഞാൻ കേട്ടു: ഖുർആൻ അവതരിപ്പിക്കപ്പെട്ട അതേ രൂപത്തിൽ മുഴുവനും ക്രോഡീകരിക്കപ്പെട്ടിട്ടുണ്ട് എന്ന് വാദിക്കുന്നവൻ പെരുങ്കള്ളനാണ്. അതിനെ പൂർണ്ണമായും ക്രോഡീകരിച്ചിട്ടുള്ളതും, സുരക്ഷിതമായി സൂക്ഷിച്ചു വെച്ചിട്ടുള്ളതും അലിയ്യും, ശേഷം മറ്റു ഇമാമുകളുമാണ്.'' (അൽ കാഫി, പേ. 54)

### ആറ്: അഹ്‌ലുസ്സുന്നത്തിവൽ ജമാഅയെപ്പറ്റി

പ്രവാചക തിരുമേനിയുടെ സുന്നത്തിനും അത് ഉൾക്കൊള്ളുന്നതിൽ കൃത്യത പാലിച്ച സച്ചരിതരായ സ്വഹാബത്തിന്റെ മൻഹജിനും വിശ്വാസ കർമ്മ രംഗങ്ങളിൽ അതീവ പരിഗണന നൽകുന്നവരാണ് അഹ്‌ലുസ്സുന്നത്തി വൽ ജമാഅത്ത്. സ്വഹാബത്തിനെ അംഗീകരിക്കാത്ത ശിയാക്കൾ അഹ്‌ലുസ്സുന്നത്തി വൽ ജമാഅത്തിനെ ആദരിക്കുമെന്ന് കരുതുന്നത് മൗഢ്യമാണ്. അവരെഴുതിയത് വായിക്കുക:

''അവരുടെ (അഹ്‌ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ) ഇലാഹ്, നബി, ഇമാം എന്നിവരുടെ കാര്യത്തിൽ നമ്മൾ ഒരിക്കലും അവരോട് യോജിക്കുന്നില്ല. എന്തു കൊണ്ടെന്നാൽ തനിക്കു ശേഷം അബൂബക്കറിനെ ഖലീഫയായി നിശ്ചയിച്ച മുഹമ്മദിന്റെ റബ്ബാണ് അവരുടെ റബ്ബ് എന്നാണ് അവർ പറയുന്നത്. ഈ റബ്ബിനേയും ഈ പ്രവാചകനേയും പറ്റി നമുക്ക് പറയാനുള്ളത്, തനിക്കു ശേഷം അബൂബക്കറിനെ ഖലീഫയായി നിശ്ചയിച്ച നബി നമ്മുടെ നബിയല്ല. അദ്ദേഹത്തിന്റെ റബ്ബ് നമ്മുടെ റബ്ബുമല്ല.'' (നിഅ്മത്തുല്ല അൽ ജസാഇരി, അൽ അൻവാറുന്നുഅ്മാനിയ്യ 2/278)

നിഅ്മത്തുല്ല അൽ ജസാഇരി തന്നെ എഴുതുന്നു: ''അവർ (അഹ്‌ലുസ്സുന്നത്തി വൽ ജമാഅത്ത്) നിഷേധികളും നജസുകളുമാണെന്ന് ശീഅത്തുൽ ഇമാമിയ്യയുടെ പണ്ഡിതന്മാർ ഏകോപിച്ച് പ്രഖ്യാപിച്ചിട്ടുണ്ട്. അവർ ജൂതക്രൈസ്തവരേക്കാൾ നികൃഷ്ടരാണ്.'' (അൽ അൻവാറുന്നുഅ്മാനിയ്യ 2/206, 207)

### ഏഴ്: കഅബയും കർബലയും

ഭൂമുഖത്ത് അല്ലാഹുവിനെ ആരാധിക്കാൻ ആദ്യമായി പടുത്തുയർത്തപ്പെട്ട വിശുദ്ധ ഭവനമാണ് കഅബ. നിർഭയത്വത്തിന്റെ കേന്ദ്രമാണത്. അല്ലാഹുവും റസൂലും(സ്വ) ഹറമിന്റെ പവിത്രതയെപ്പറ്റി ഏറെ പറഞ്ഞിട്ടുണ്ട്. എന്നാൽ ശിയാക്കളുടെ വിശ്വാസത്തിൽ കഅബക്ക് കർബലയുടെ നാലയലത്തു പോലും നിൽക്കാനുള്ള അർഹതയില്ല! അവരെഴുതിയത് വായിക്കുക:

''മജ്‌ലിസി പറയുന്നു: ജഅ്ഫർ സാദിഖ് പറഞ്ഞിട്ടുണ്ട്: കഅ്ബ, അതിന്റെ പദവിയിൽ അഭിമാനിക്കുന്നത് കൊണ്ട് ഭൂമിയുടെ വിവിധഭാഗങ്ങൾ നീരസത്തിലാണ്. ആകയാൽ അല്ലാഹു വഹ്‌യുമുഖേന കഅ്ബയോട് പറഞ്ഞു; മിണ്ടാതിരുന്നോണം, കർബലയേക്കാൾ പദവിയിൽ നീ അഹങ്കരിക്കരുത്.'' (ഹഖുൽ യഖീൻ, മുല്ലാ ബാഖിർ അൽ മജ്‌ലിസി)

### എട്ട്: മുത്അ വിവാഹം

അല്ലാഹുവിന്റെ റസൂൽ(സ്വ) വ്യക്തമായി നിഷിദ്ധമെന്ന് പ്രഖ്യാപിച്ച ജാഹിലീ സമ്പ്രദായമാണ് മുത്അ വിവാഹം. കൂലിയും കാലാവധിയും മുൻകൂട്ടി നിശ്ചയിച്ചു കൊണ്ടുള്ള താത്കാലിക വിവാഹമാണ് അത്. ഒരു തരം വ്യഭിചാരമാണ് അത്. ശിയാക്കൾക്കിടയിൽ ഇത് സാർവത്രികമാണ്. ഈ ദുഷിച്ച സമ്പ്രദായത്തെപ്പറ്റി അവരുടെ ഗ്രന്ഥങ്ങളിൽ നിന്നും വായിച്ചാൽ, ഇറാൻ, ലോകത്തിലെ എത്ര സുന്ദരമായ ഏക ഇസ്‌ലാമിക രാഷ്ട്രമാണ് തമ്പുരാനേ എന്ന് പറഞ്ഞ് തലയിൽ കൈവെച്ചു പോകും. വായിക്കുക:

‘‘റസൂൽ(സ്വ) പറഞ്ഞിട്ടുണ്ട്: എന്റെ ഉമ്മത്തിലെ മുത്അ വിവാഹിതർക്ക് അവരുടെ പാപങ്ങൾ പൊറുത്തു കൊടുക്കുമെന്ന് അനുഗ്രഹപൂർണ്ണനായ അല്ലാഹു പറഞ്ഞിരിക്കുന്നു.’’ (മുല്ലാ ബാഖിർ അൽ മജ്‌ലിസി യുടെ ബിഹാറുൽ അൻവാർ, 10/306)

വീണ്ടും വായിക്കുക:

‘‘റസൂൽ(സ്വ) പറഞ്ഞിട്ടുണ്ട്: ഒരു പ്രാവശ്യം മുത്അ ചെയ്തവൻ ജബ്ബാറായ റബ്ബിന്റെ കോപത്തിൽ നിന്നും നിർഭയനായി. രണ്ട് പ്രാവശ്യം മുത്അ ചെയ്തവൻ പരലോകത്ത് പുണ്യവാൻമാരോടൊപ്പം ഒരുമിച്ച് കൂട്ടപ്പെടും. മൂന്ന് പ്രാവശ്യം മുത്അ ചെയ്തവൻ സ്വർഗത്തിൽ എന്നെ തിരക്കിക്കൂടക്കും.’’ (അസ്സദൂഖിയുടെ മല്ലാ യഹ്ളുറുഹുൽ ഫഖീഹ്, 3/366)

ചോദ്യം: ഇത്രയും അപകടകരമായ വിശ്വാസങ്ങളും വീക്ഷണങ്ങളും വെച്ച് പുലർത്തുന്ന ശിയാക്കളോട് ഇത്രമേൽ ഐക്യദാർഢ്യം പ്രഖ്യാപിക്കാൻ ജമാഅത്തെ ഇസ്‌ലാമിയെ പ്രേരിപ്പിക്കുന്നത് എന്ത് കൊണ്ടായിരിക്കും?

ഉത്തരം: അക്കാര്യം നേരത്തെ വ്യക്തമാക്കിയതാണ്. രണ്ടുകൂട്ടർക്കുമിടയിലുള്ള ‘ഹുകൂമത്തെ ഇലാഹി’ എന്ന ആദർശത്തിലെ ‘സാമ്യത’ തന്നെയാണ് ഇത്തരമൊരു നിലപാടിന് ജമാഅത്തിനെ പ്രേരിപ്പിക്കുന്നത്. ശിയായിസത്തിന്റെ തനിനിറം മുകളിൽ നാം കണ്ടു കഴിഞ്ഞു. ജമാഅത്ത് ആചാര്യനായ മൗദൂദി ഇറാൻ വിപ്ലവത്തിന് നൽകിയ ഐക്യദാർഢ്യം വായിച്ചാൽ നാം അന്തംവിട്ട് നിന്ന് പോകും. അത് വായിക്കുക:

‘‘ഖുമൈനിയുടെ വിപ്ലവം തികച്ചും ഇസ്‌ലാമിക വിപ്ലവമാണ്. വിപ്ലവത്തിന് നേതൃത്വം നൽകുന്നത് ഇസ്‌ലാമിക സംഘടനയും അവരിൽനിന്ന് പരിശീലനം നേടിയ യുവാക്കളുമാണ്. അതുകൊണ്ട് മുസ്‌ലിംകൾ പൊതുവിലും സംഘടനകൾ പ്രത്യേകിച്ചും ഈ വിപ്ലവത്തെ പിൻതുണക്കുകയും എല്ലാമാർഗങ്ങളും ഉപയോഗിച്ച് ഈ വിപ്ലവത്തെ സഹായിക്കുകയും ചെയ്യേണ്ടതാണ്.’’ (അദ്ദഅ്‌വ, കെയ്‌റൊ, 1979 ആഗസ്റ്റ്, ലക്കം 39)

---

കേരളത്തിൽ 24 കാരറ്റ് ശീഇകൾ സമൃദ്ധമായി അധിവസിക്കുന്നുണ്ട് എന്നതിനാലല്ല മുജാഹിദുകൾ ശീഈ വിമർശനം തങ്ങളുടെ പ്രസംഗങ്ങളിലും രചനകളിലും ഉൾപ്പെടുത്തുന്നത്. മറിച്ച് ശീഈ ആദർശത്തിലെ ഖബറാരാധനയും, വ്യക്തിപൂജയും, അല്ലാഹു അല്ലാത്തവരോടുള്ള പ്രാർഥനയും, നേർച്ചപ്പൂരങ്ങളും കേരളീയ മുസ്‌ലീം സമൂഹത്തിൽ വ്യാപകമായി നിറഞ്ഞു നിൽക്കുന്നത് കൊണ്ടാണ്. വിശുദ്ധ ഇസ്‌ലാമിന്റെ തൗഹീദീ ആദർശം വസ്തുനിഷ്ഠമായി മുസ്‌ലിം സഹോദരങ്ങളെ പഠിപ്പിക്കേണ്ടി വരുമ്പോൾ ഇത്തരം പ്രവണതകളെ വിമർശിക്കേണ്ടിവരും. ഒപ്പം അത്തരം പ്രവണതകളുടെ ഉറവിടവും വിമർശിക്കപ്പെടുക സ്വാഭാവികമാണ്.

---

മൗദൂദീ സാഹിബ് ആവിഷ്കരിച്ച ഹുകൂമത്തെ ഇലാഹി എന്ന നൂതനാശയത്തിന്റെ പൂർത്തീകരണമാണ് ഖുമൈനീ വിപ്ലവത്തിലൂടെ ഇറാനിൽ സംഭവിച്ചത് എങ്കിൽ അതിന്റെ ഓരോ മുദ്ദിലും സാജലും ജമാഅത്തുകാർക്കും ഉത്തരവാദിത്തമുണ്ടാകണം. അതല്ല പിഴച്ച വിശ്വാസങ്ങളും ആചാരങ്ങളും വെച്ചുപുലർത്തിയ ഖുമൈനിയുടെ നേതൃത്വത്തിൽ ഇറാനിൽ നടന്ന ‘വിപ്ലവം’ എന്ന പദത്തോടു മാത്രമേ ജമാഅത്തെ ഇസ്‌ലാമിക്ക് അനുരാഗാത്മക ഭ്രമമുള്ളൂ, അവിടത്തെ വിപ്ലവകാരികളോടും, ആദർശങ്ങളോടും അതില്ല എന്നാണെങ്കിൽ, പ്രവാചക തിരുമേനി(സ്വ) പൂർത്തീകരിച്ചുപോയ മഹത്തായ ഇസ്‌ലാമിന്ന് ബദലെന്നോണം നിലകൊള്ളുന്ന ശിയാ വിശ്വാസങ്ങളേയും ആചാരങ്ങളേയും തുറന്നു കാട്ടാൻ അവർ ധൈര്യം കാട്ടണം. കേരളത്തിൽ ശിയാക്കളില്ലല്ലോ എന്ന ഞൊട്ടുഞായം പറയാതെ, കേരള മുസ്‌ലിംകളുടെ ജീവിതത്തിൽ പടർന്നു കയറിയ ശിയാസത്തിന്റെ ശിആറുകളെ നിഷ്കാസിതമാക്കാൻ നാവും പേനയും ചലിപ്പിക്കണം. അതിനാവില്ലെങ്കിൽ അക്കാര്യം ആത്മാർഥതയോടെ നിർവഹിക്കുന്ന ഇസ്‌ലാഹീ സംഘത്തെ വെറുതെ വിടണം.

ചോദ്യം: ലോകപോലീസ് ചമയുന്ന അമേരിക്കയുടെ സാമ്രാജ്യത്വത്തിനെതിരിൽ ഭീഷണിയുയർത്തി നിലകൊള്ളുന്ന ഏകലോകം എന്ന നിലക്കാണ് ഇറാനിനേയും ഇറാനീ വിപ്ലവത്തേയും, അതിന്റെ വിപ്ലവ നേതാക്കളേയും ജമാഅത്തെ ഇസ്‌ലാമി പ്രണയിക്കുന്നത് എന്ന് അവർ തന്നെ വ്യക്തമാക്കിയിട്ടുണ്ടല്ലോ?

ഉത്തരം; ആയ്ക്കോട്ടെ. അമേരിക്കയും അതിന്റെ സഖ്യകക്ഷികളും ഉയർത്തിവിടുന്ന രാഷ്ട്ര-രാഷ്ട്രാന്തരീയ പ്രശ്നങ്ങളിൽ ജമാഅത്തെ ഇസ്‌ലാമിക്ക് ആരുടെ നിലപാടുകളേയും പിന്തുണക്കാം. അതവരുടെകാര്യം. അങ്കിൾസാമിന്റെ സാമ്രാജ്യത്ത സമീപനങ്ങളേയും, എല്ലാം വെട്ടിപ്പിടിക്കാനുള്ള ത്വരയേയും പേടിപ്പിച്ച് നിർത്താൻ ഇറാനിനു മാത്രമേ സാധിക്കുന്നുള്ളൂ എന്നതിന്റെ പേരിലാണ് ജമാഅത്തെ ഇസ്‌ലാമിക്ക് ശിയാക്കളോട് പ്രിയമെങ്കിൽ അതവർക്കാകാവുന്നതാണ്. പക്ഷെ, ഇസ്‌ലാമിന്റെ അടിസ്ഥാനവിശ്വസങ്ങൾക്ക് ബദൽ പണിത, വിശുദ്ധ ഖുർആനിന്റെ ആധികാരികതയിൽ സംയിക്കുന്ന, വിശുദ്ധരായ സ്വഹാബത്തിനെ മതഭ്രഷ്ടരായി കാണുന്ന, അവരെ നാഴികക്കു നാൽപതോ അതിലധികമോവട്ടം ശപിക്കുന്ന, അഹ്‌ലുസ്സുന്നത്തി വൽ ജമാഅത്തിനെ നിഷേധികളും നികൃഷ്ടരുമായി കണക്കാക്കുന്ന ശിയാക്കളെ വെറുക്കാൻ, അവരെ വിമർശിക്കാൻ അല്ലാഹുവിനോടും അവന്റെ റസൂലിനോടും സ്നേഹമുള്ള, ഇസ്‌ലാമിനോട് പ്രതിബദ്ധതയുള്ള ഇസ്‌ലാഹീ പ്രവർത്തകരെ അവർ സമ്മതിക്കണം. അവരുടെ സമ്മതത്തോടെ മാത്രമേ മുജാഹിദുകൾ അങ്ങനെ ചെയ്യൂ എന്നതു കൊണ്ടല്ല, ഇക്കാര്യത്തിൽ മൗദൂദികളുടെ ഭാഗത്തുനിന്നും മര്യാദയുണ്ടാകണം എന്നാണ് അർഥമാക്കുന്നത്.